**ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ**



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ജി.എച്ച്.എസ്.എസ് തായന്നൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## ഉള്ളടക്കം


| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1 | അടിസ്ഥാന വിവരങ്ങൾ | 1 |
| 2 | പൊതുലക്ഷ്യങ്ങൾ | 2 |
| 3 | അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും വിവരങ്ങൾ | 3 |
| 4 | ആമുഖം | 4 |
| 5 | എൽ.പി മാസ്റ്റർ പ്ലാൻ | 5 |
| 6 | യു.പി മാസ്റ്റർ പ്ലാൻ | 6 |
| 7 | ഹൈസ്കൂൾ മാസ്റ്റർ പ്ലാൻ | 7 |

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി.എച്ച്.എസ്.എസ് തായന്നൂർ |
| വിലാസം | : | തായന്നൂർ പി.ഒ 671531 |
| ഇ -മെയിൽ | : | 12049thayannur@gmail.com |
| ക്ലാസുകൾ | : | പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ |
| ജില്ല | : | കാസറഗോഡ് |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| റവന്യ ജില്ല | : | കാസറഗോഡ് |
| ഗ്രാമ പഞ്ചായത്ത് | : | കോടോം ബേളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പരപ്പ |

## നേതൃത്വം

| | | |
|---|---|---|
| പ്രിൻസിപ്പാൾ | : | അബ്ദുൽ റഹ്മാൻ പി എം |
| ഹെഡ്മാസ്റ്റർ | : | ബിന്ദു എ കെ |
| പി.ടി.എ പ്രസിഡന്റ് | : | രാജൻ .ഇ |

# പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയ പരിധിയിലുള്ള കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്ന തരത്തിൽ വിവിധ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുക.
2. ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നിന് കൂടുതൽ അവസരങ്ങൾ നൽകുക.
3. ശാസ്ത്രബോധനത്തോടൊപ്പം ശാസ്ത്രബോധവും വളർത്തുക.
4. രക്ഷിതാക്കൾ,പൂർവ്വ വിദ്യാർത്ഥികൾ,കർഷകർ,സന്നദ്ധ സംഘടന പ്രവർത്തകർ, വിദ്യാഭ്യാസ വിഗദ്ധർ തുടങ്ങിയവരെല്ലാം അക്കാദമിക് രംഗത്ത് ഇടപ്പെടാൻ അവസരമൊരുക്കുക.
5. കലാ കായിക പ്രവർത്തി പരിചയ പരിശീലനത്തിലെ അപാകതകൾ പരിഹരിച്ച് കൂടുതൽ അവസരങ്ങൾ കുട്ടികൾക്ക് നൽകുക. ഇതൊടൊപ്പം സ്കൂൾ,ഉപ ജില്ല,ജില്ല,സംസ്ഥാന തലത്തിൽ വിജയങ്ങൾ കൈവരിക്കുക.
6. വിവിധ വിഷയങ്ങളിലെ ബോധനം കൂടുതൽ പ്രായോഗിക പരിശീലനങ്ങൾ ഉൾകൊള്ളിച്ച് മെച്ചപ്പെടുത്തുക.
7. സ്കൂൾ അന്തരീക്ഷം കൂടുതൽ ശിശു സൗഹൃദമാക്കുക.

# അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും വിവരങ്ങൾ

<table>
<tr><th>ക്രമ നമ്പർ</th><th>പേര്</th><th>തസ്തിക</th><th>അനുവദിക്കപ്പെട്ട എണ്ണം</th></tr>
<tr><td>1</td><td>ബിന്ദു എ കെ</td><td>ഹെഡ്മാസ്റ്റർ</td><td>1</td></tr>
<tr><td>2</td><td>ദൃശ്യ.എ.കെ</td><td>HST മാത്ത്സ്</td><td>1</td></tr>
<tr><td>3</td><td>സുനീറ</td><td>HST ഫിസിക്കൽ സയൻസ്</td><td>1</td></tr>
<tr><td>4</td><td>സിജി വി വി</td><td>HST ഹിന്ദി</td><td>1</td></tr>
<tr><td>5</td><td>ദീപ.ടി.വി</td><td>HST മലയാളം</td><td>1</td></tr>
<tr><td>6</td><td>സിജിമോൾ.സി.പി</td><td>UPST</td><td rowspan="6">V</td></tr>
<tr><td>7</td><td>ഷിജി.ടി.വി</td><td>UPST</td></tr>
<tr><td>8</td><td>ബ്രിജേഷ് ജോസഫ്</td><td>UPST</td></tr>
<tr><td>9</td><td>ശിൽപ സ്കറിയ</td><td>UPST</td></tr>
<tr><td>10</td><td>ദീപ.സി</td><td>UPST</td></tr>
<tr><td>11</td><td>വിപിൻ കുമാർ സി വി</td><td>UPST</td></tr>
<tr><td>12</td><td>സിനി.ടി.വി</td><td>LPST</td><td rowspan="5">V</td></tr>
<tr><td>13</td><td>പ്രിനി.പി.പി</td><td>LPST</td></tr>
<tr><td>14</td><td>പ്രസീന.എം</td><td>LPST</td></tr>
<tr><td>15</td><td>ആശമോൾ</td><td>LPST</td></tr>
<tr><td>16</td><td>അശ്വതി കെ</td><td>LPST</td></tr>
<tr><td>17</td><td>കരുണാകരൻ.സി</td><td>ക്ലാർക്ക്</td><td>1</td></tr>
<tr><td>18</td><td>രതീഷ് വി വി</td><td>ഓഫീസ് അറ്റൻഡന്റ്</td><td rowspan="2">2</td></tr>
<tr><td>19</td><td>കൃഷ്ണകുമാർ.വി.വി</td><td>ഓഫീസ് അറ്റൻഡന്റ്</td></tr>
<tr><td>20</td><td>കാർത്ത്യായനി.കെ.ആർ</td><td>FTM</td><td>1</td></tr>
</table>

# ആമുഖം

1920 ൽ ആലത്തടി തറവാട്ടിൽ നിന്ന് 32 വിദ്യാർത്ഥികളുമായി ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ് ഇന്നത്തെ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ.1945 ൽ ഈ വിദ്യാലയം തായന്നൂരിലേക്ക് മാറി.1952 ന് മുൻമ്പ് തന്നെ യു.പി സ്കൂളായി അംഗീകാരം ലഭിച്ചു.തുടർന്ന് 1973-74 കാലഘട്ടത്തിൽ ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തി.മുൻമ്പ് ഗവ.ഹൈസ്കൂൾ ബേളൂർ തായന്നൂർ എന്നായിരുന്നു സ്കൂളിന്റെ പേര്. 2000 ത്തിൽ സ്കൂളിന്റെ പേര് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ എന്നാക്കി മാറ്റി. സയൻസ്,ഹ്യൂമാനിറ്റീസ്,കോമേഴ്സ് ബാച്ചുകളിലൂടെ 2007 ൽ ഹയർ സെക്കണ്ടറി വിഭാഗമായി ഉയർത്തപ്പെട്ടു.

നൂറ്റാണ്ടുകൾ കടന്ന് പ്രവർത്തന മികവിൽ സഞ്ചരിക്കുന്ന വിദ്യാലയമാണ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ തായന്നൂർ. പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസ് , ഹ്യൂമാനിറ്റിസ്.കോമേഴ്സ് ബാച്ചുകളുണ്ട്.വളരെ വിശാലമായ പ്രദേശത്തു നിന്നുമുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല രാജ്യത്തിനു തന്നെ മാതൃകയാണ്. ഈ കാലയളവിൽ മിക്ക വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ ഉയർന്നു വരുന്നു. മികച്ച അക്കാദമിക നിലവാരത്തിലൂടെ ഭൗതിക സാഹചര്യങ്ങളുടെ വികസനം മെച്ചപ്പെടുത്തുകയും കൂടുതൽ വിദ്യാർത്ഥികളെ പൊതു വിദ്യാലയത്തിലേക്ക് ആഘർഷിക്കുകയും ചെയ്യുന്നു. ഈ കാലയളവിൽ നമ്മുടെ വിദ്യാലയവും പരിമിതികൾക്കിടയിലും അക്കാദമിക രംഗത്ത് മികവാർന്ന പ്രവർത്തനം നടത്തുന്നു. നമ്മുടെ വിദ്യാലയത്തിൽ ഇനിയും

വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനം നടത്തേണ്ടതുണ്ട്. സ്കൂൾ ഓഡിറ്റോറിയം & അസംബ്ലി ഹാൾ പ്രവർത്തനം, സ്കൂൾ ലൈബ്രറി നവീകരണം, സയൻസ് ലാബ് നവീകരണം, വാഹന സൗകര്യം ,ഗ്രൗണ്ട് നവീകരണം തുടങ്ങി പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

സർക്കാർ പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ നിരവധി പ്രവർത്തനങ്ങൾ ഇനിയും ആവിഷ്കരിച്ച് നടത്തേണ്ടതുണ്ട്.കൂട്ടായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ വികസന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടുത്ത ഒരു അക്കാദമിക വർഷത്തിൽ എൽ.പി, യു.പി , ഹൈസ്കൂൾ തലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രലർത്തനങ്ങൾ എസ്.ആർ.ജി കളുടെ നേതൃത്ത്വത്തിൽ രൂപപ്പെടുത്തുകയും അത് സ്റ്റാഫ് യോഗത്തിൽ ചർച്ച ചെയ്ത് പി.ടി.എ യോഗത്തിലെ പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയും മാസ്റ്റർ പ്ലാൻ വിപുലമാക്കി.

## പ്രവർത്തന പരിപാടികൾ ചുവടെ വിവരിക്കുന്നു.

1. LP മാസ്റ്റർ പ്ലാൻ
2. UP മാസ്റ്റർ പ്ലാൻ
3. HS മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക. കണ്ടും കേട്ടും അറിഞ്ഞ കഥകളും പാട്ടുകളും മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കുക. വായിച്ച ബാലസാഹിത്യകൃതികളിലെ ആശയം പങ്കിടൽ. ലളിതമായ വായന കാർഡുകൾ നിർമ്മിക്കുകയും വായിക്കുകയും ചെയ്യൽ. സ്വന്തമായി ഡയറി എഴുതുന്നു.

സ്വതന്ത്ര രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന മെച്ചപ്പെടുത്തൽ | ചിത്രങ്ങൾ നൽകി ചിത്ര വായന നടത്തുന്നു. | ജൂൺ – മാർച്ച് | ടീച്ചർ – രക്ഷിതാക്കൾ (പിടിഎ) |
| | വായനാ മൂലകൾ ഒരുക്കുക | ജൂൺ – ജൂലൈ | ടീച്ചർ – രക്ഷിതാക്കൾ (പിടിഎ) |
| | ലളിതവും വ്യത്യസ്ത തലത്തിലുള്ള വായനക്കാർഡുകൾ ഒരുക്കുന്നു | ജൂലൈ – മാർച്ച് | ടീച്ചർ – രക്ഷിതാക്കൾ (പിടിഎ) |
| | പത്രങ്ങളിലെ വാർത്തയുടെ തലക്കെട്ട് വായിക്കുന്നു | ആഗസ്റ്റ് – മാർച്ച് | ടീച്ചർ |
| | ലളിതമായ ബാലസാഹിത്യകൃതികൾ ഒരുക്കുന്നു | ആഗസ്റ്റ് – മാർച്ച് | ടീച്ചർ – P T A ,S R G |
| | വായിച്ച കഥകൾ കഥാ വേളയിൽ അവതരിപ്പിക്കുന്നു | ജൂൺ | ടീച്ചർ |
| | ആശയ ഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു | ഒക്ടോബർ – മാർച്ച് | P T A |
| | വായിച്ച കാര്യങ്ങൾ | ഒക്ടോബർ – മാർച്ച് | ടീച്ചർ |

| | | | |
|---|---|---|---|
| | ചിത്രീകരിക്കുന്നു | | |
| ലേഖനം | ചിത്രങ്ങൾ നോക്കി വാക്കുകൾ എഴുതുന്നു | ജൂൺ - ജൂലൈ | ടീച്ചർ |
| | സചിത്ര പുസ്തകം പൂർത്തിയാക്കുന്നു.<br>സംയുക്ത ഡയറി എഴുതുന്നു . | ജൂൺ - മാർച്ച് | ടീച്ചർ<br>P T A |
| | ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു, എഴുതുന്നു, വാക്കുകൾ എഴുതുന്നു. | ജൂൺ - ആഗസ്റ്റ് | ടീച്ചർ |
| | സാങ്കൽപ്പിക ഡയറി എഴുതുന്നു .<br>വരികൾ കൂട്ടിച്ചേർക്കുന്നു.<br>അടിക്കുറിപ്പ് എഴുതുന്നു .<br>ചിത്രം നൽകി കഥ എഴുതുന്നു<br>ലളിതമായ സംഭാഷണങ്ങൾ പൂർത്തിയാക്കുന്നു | ജൂൺ - മാർച്ച് | ടീച്ചർ - P T A , S R G |
| | ദിനാചരണങ്ങളും പോസ്റ്റർ തയ്യാറാക്കലും | സെപ്റ്റംബർ - മാർച്ച് | ടീച്ചർ , S R G, H M |
| ആസ്വാദന ശേഷി വളർത്തുക | കഥാവേള<br>പാട്ടരങ്ങ് അമ്മ<br>വായന | ജൂൺ - സെപ്റ്റംബർ | ടീച്ചർ - P T A |
| ഭാഷണശേഷി വളർത്തുക | കഥാവേള | ജൂൺ - ജൂലൈ | ടീച്ചർ - P T A |
| | ദിനാചരണങ്ങൾ | ജൂലൈ - മാർച്ച് | ടീച്ചർ - S R G |
| | സർഗാത്മക രചന അവതരിപ്പിക്കൽ | ഒക്ടോബർ - മാർച്ച് | ടീച്ചർ - C P T A |
| | റീഡേഴ്സ് തിയേറ്റർ | ഒക്ടോബർ - മാർച്ച് | ടീച്ചർ - C P T A |

# ഗണിതം

**ലക്ഷ്യങ്ങൾ :**

- ഒന്നുമുതൽ അഞ്ചുവരെ സംഖ്യകൾ തിരിച്ചറിയുന്നു .
- 20 വരെയുള്ള സംഖ്യകളെ പകുതി , കൂടുതൽ, കുറവ്, വലുത് ,ചെറുത് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 100 വരെ തുടർച്ചയായി അക്കത്തിലും അക്ഷരത്തിലും എഴുതുന്നു .
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു കണ്ടെത്താനും കഴിയുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സംഖ്യാബോധം വളർത്തുന്നു | സംഖ്യാ കാർഡ് നിർമ്മിക്കുന്നു . വിവിധ കളികളിൽ ഏർപ്പെടുന്നു. സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു സംഖ്യകളും വസ്തുക്കളും ബന്ധിപ്പിക്കുന്നു. | ജൂൺ - ആഗസ്റ്റ് | ടീച്ചർ സി പി ടി എ |
| മഞ്ചാടി സഞ്ചി തയ്യാറാക്കുന്നു | ഗണിത പഠനത്തിന് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് മഞ്ചാടി സഞ്ചി തയ്യാറാക്കുന്നു | ജൂൺ | സി പി ടി എ ടീച്ചർ |
| അടിസ്ഥാന ധാരണകൾ വളർത്തുന്നു (വലുത്, ചെറിയ സംഖ്യകൾ, ഒറ്റസംഖ്യ, ഇരട്ട സംഖ്യ) | വിവിധ കളികളിൽ ഏർപ്പെടുന്നു സംഖ്യകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ജൂൺ - മാർച്ച് | ടീച്ചർ |
| ഗണിതാസ്വാദനം വളർത്തുന്നു | സംഖ്യാ ഗാനങ്ങൾ ശേഖരിക്കുന്നു പാടുന്നു കളികളിൽ ഏർപ്പെടുന്നു ലളിതമായ പസിലുകൾ കണ്ടെത്തുന്നു | ജൂൺ - മാർച്ച് | ടീച്ചർ |

| | | | |
|---|---|---|---|
| സങ്കലനം, വ്യവകലനം, ചിഹ്നങ്ങൾ തിരിച്ചറിയൽ | | ആഗസ്റ്റ് - മാർച്ച് | ടീച്ചർ |
| അടിസ്ഥാനശേഷികളുടെ വളർത്തൽ | വിവിധ കളികളിൽ ഏർപ്പെടുന്നു | ജൂലൈ - മാർച്ച് | ടീച്ചർ |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ജാമിതീയ രൂപങ്ങൾ പരിചയപ്പെടൽ നിർമ്മിക്കൽ കളികളിൽ ഏർപ്പെടുന്നു | നവംബർ - ഡിസംബർ | ടീച്ചർ ,സി പി ടി എ |

## പരിസര പഠനം

**ലക്ഷ്യങ്ങൾ :**

- ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിന്.
- പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും.
- വിവിധ പഴങ്ങളുടെ മണവും രുചിയും തിരിച്ചറിയുന്നതിന്.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭക്ഷ്യമേള | നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ, ജൂലൈ, ആഗസ്റ്റ് | ക്ലാസ് ടീച്ചർ എസ് ആർ ജി എസ് എം സി |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിന ും | പുഷ്പോദ്യാനം, ഔഷധത്തോട്ടം | ഡിസംബർ - ജനവരി | ക്ലാസ് ടീച്ചർ ,പിടിഎ |
| വിവിധ പഴങ്ങളുടെ മണവും രുചിയും തിരിച്ചറിയുന്നതിന് | പഴമേള : പഴങ്ങളുടെ മേള വിവിധ പഴങ്ങളുടെ മണവും രുചിയും തിരിച്ചറിയുന്നു. | ഫെബ്രുവരി- മാർച്ച് | ക്ലാസ് ടീച്ചർ, PTA |

## English

### Aims:

- Skills
- Reading skill
- Writing skill

| Aim | Activities | Month | Support |
|---|---|---|---|
| Skills | To develop listening skills and reading skills | | |
| Reading skills | Identify the letters with their sounds identify and describe familiar vehicles animals and birds. Find words from reading materials to identified Rhythm and pattern of songs | June –July | Class teacher ,PTA |
| Writing skill | Identify the pictures identify and describe familiar objects animals and birds and their own lines construct dialogues | July - August | Teacher ,PTA |
| Reading skill | Read conversations, songs and simple descriptions graphically . Get familiarised with the | September October November | Teacher ,PTA |

| | | | |
|---|---|---|---|
| | rhythm and pattern of songs. | | |
| Writing skill | Write descriptions, dialogues related to specific contexts using structured or fragmentary expression.<br>Word chain | September October November | Teacher PTA srg |
| Reading skill and writing skill | Read and enjoy a story and predict future events logically<br>Engage in skit and choreography.<br>Lines added to songs .<br>Story telling .<br>Riddles. | December January February March | PTA, teacher |

# Class 2

## ആമുഖം

**പൊ**തു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത് എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാ സമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

### പ്രീ ടെസ്റ്റ്

പ്രീ ടെസ്റ്റ് നടത്തുന്നു.എല്ലാ തലങ്ങളിലുമുള്ള കുട്ടികളെ കണ്ടെത്തുന്നു. ശേഷം വേണ്ട പഠന പിന്തുണ നൽകുന്നു. അക്ഷര ക്ലാസ് വേണ്ട കുട്ടികൾക്ക് അക്ഷര ക്ലാസ് നൽകുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്ര കാർഡുകൾ നൽകി ചിത്രവും പദവും ഉൾക്കൊണ്ട് ഭാഷണത്തിന് അവസരം നൽകൽ | ചിത്രം വരയ്ക്കൽ. ഭാഷണത്തിന് അവസരം ഒരുക്കൽ.. | ജൂൺ മാസം. | ക്ലാസ് ടീച്ചർ | |
| വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. . | വായന കാർഡ് നൽകൽ | | | |
| ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പുവരുത്തുന്നു. | ICT പ്രവർത്തനങ്ങൾ നൽകൽ. | ജൂലൈ | ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | | ജൂലൈ | | |
| ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി സജീകരിക്കൽ, പ്രദർശനം നടത്തൽ | | | | |
| സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടൽ. | സന്ദർഭങ്ങൾ നൽകി ആശയങ്ങൾ പറയാനും എഴുതാനുമുള്ള അവസരം നൽകൽ. | ജൂലൈ | | |
| ആശയഗ്രഹണ വായന ഉറപ്പുവരുത്തൽ | ഉറക്കെ വായന. | | | |
| എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ. | കുഞ്ഞുവിവരണം തയ്യാറാക്കൽ | | | |
| രക്ഷിതാക്കളുടെ പിന്തുണ സഹയം ഉറപ്പുവരുത്തൽ. | കുഞ്ഞെഴുത്ത്. | | | |
| ക്ലാസ് PTA യോഗങ്ങൾ നടത്തി. കുട്ടികളുടെ നിലവാരങ്ങൾ അറിയിച്ച് കുട്ടികൾക്ക് വേണ്ട പിന്തുണ നൽകാൻ അവസരം | | ജൂൺ-ജൂലൈ | | |

| | | | | |
|---|---|---|---|---|
| ഒരുക്കുന്നു. | | | | |
| വീട്ടുലൈബ്രറി ഒരുക്കൽ, വായന പ്രോത്സാഹിപ്പിക്കൽ.<br><br>വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.<br><br>ഭാഷാ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | വായിച്ചറിഞ്ഞ കഥകൾ ചിത്രങ്ങളാക്കൽ.<br><br>ചോദ്യങ്ങൾ ഉണ്ടാക്കൽ.<br><br>വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ. | സെപ്റ്റംബർ. | | |
| ലേഖനത്തിന് അവസരമൊരുക്കൽ | പാട്ടരങ്ങ്,<br>പ്രകൃതി നടത്തം.<br>യാത്രാവിവരണം എഴുതൽ.<br>പതിപ്പ് തയാറാക്കൽ.<br>ആൽബം തയാറാക്കൽ.<br>വായന കാർഡുകൾ ഒരുക്കുന്നു. | ഒക്ടോബർ. | | |
| കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. | എന്റെ പുസ്തകം. | | | |

| | | | | |
|---|---|---|---|---|
| വ്യവഹാരരൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു. | | നവംബർ | | |
| ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മാഗസിനുകൾ തയാറാക്കൽ. | മാഗസിൻ തയാറാക്കാനുള്ള പ്രവർത്തനങ്ങൾ. | | | |
| കവിതാപൂരണം | ചെറുകവിതകൾ നൽകി വരികൾ കൂട്ടിച്ചേർക്കാൻ അവസരം നൽകൽ. | | | |
| പോസ്റ്റർ രചന. | അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയാറാക്കുന്നതിന് അവസരം ഒരുക്കുന്നു. | ജനുവരി. | | |
| വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന , ഇ.-വായനയെ പ്രോത്സാഹിപ്പിക്കൽ. | | ഫെബ്രുവരി മാർച്ച്. | | |
| നവമാധ്യമങ്ങളിലും പിടിഎ മീറ്റിങ്ങിലും അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ | | | | |

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...<br><br>പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>English അസംബ്ലി.<br><br>One day English.<br><br>Hello English. | മൂന്ന് മാസത്തിൽ ഒന്ന്.<br><br>മാസത്തിൽ ഒന്ന്.<br><br>ആഴ്ച്ചയിൽ ഒന്ന്. | SRG<br><br>CLASS TEACHER | SSA |

## ഗണിതം

### ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വച്ചത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
|---|---|---|---|
| ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു. കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുന്നു. | 100 മുതൽ 200 വരെയുള്ള സംഖ്യകളെപരിചയപ്പെടുത്തുകയും സംഖ്യകളുടെ കൂട്ടം തിരിക്കാൻ മഞ്ചാടി മറ്റ് വസ്തുക്കൾ ഉപയോഗിക്കുന്നു. | വർഷാദ്യം - വർഷാവസാനം. | ക്ലാസ് ടീച്ചർ |
| ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുന്നു. | രണ്ടക്ക സംഖ്യകളുടെ സങ്കലന / വ്യവകലന ക്രിയകൾ | | |

| | | | |
|---|---|---|---|
| | ഉപയോഗിച്ച്<br>പ്രശ്നപരിഹരണം<br>നടത്തുന്നു. | | |
| ചതുഷ്ക്രിയകൾ<br>ഉറപ്പിക്കുന്നു. | സംഖ്യാ പാറ്റേൺ<br>തയ്യാറാക്കുന്നു. | | |
| ജ്യാമിതീയ<br>രൂപങ്ങളെ ആ<br>കൃതിക്കനുസരിച്ച്<br>തരം തിരിക്കുന്നു. | ജ്യാമിതീയ<br>രൂപങ്ങൾ<br>ഉപയോഗിച്ച്<br>പുതിയ രൂപങ്ങൾ<br>ഉണ്ടാക്കുന്നു.<br>ഗണിത ക്ലാസിൽ<br>കളികൾ, പാട്ടുകൾ,<br>കഥകൾ,ചിത്രങ്ങൾ,<br>നിർമ്മാണ<br>പ്രവർത്തനങ്ങൾ,<br>ലഘു പസിലുകൾ<br>തുടങ്ങിയവ<br>ഉപയോഗിക്കുന്നു.<br><br>ഗണിത കിറ്റ്<br>നിർമ്മാണം. | | |
| | I C T ഐസിടി<br><br>കലണ്ടർ<br>നിർമ്മാണം<br>ഗണിത പോസ്റ്റർ | മാസംതോറും<br><br>ഡിസംബർ<br>ജനുവരി മാർച്ച് | |

# EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
|---|---|---|---|
| ആശയരൂപീകരണത്തോടൊപ്പമുള്ള ശാസ്ത്ര പ്രക്രിയാശേഷികളുടെ വികാസം. | ചുറ്റുപാടുമുള്ള വസ്തുക്കൾ, ജീവജാലങ്ങൾ തിരിച്ചറിയുന്നു.<br><br>പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില പോസ്റ്ററുകൾ നിർമ്മിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| അനുഭവത്തിലൂടെയുള്ള പഠനം. | വസ്തുക്കളെ തരംതിരിക്കുന്നു.<br><br>ലഘു പരീക്ഷണങ്ങൾ ക്ലാസിൽ നടത്തുന്നു.<br><br>രോഗങ്ങളുടെ ചിത്രങ്ങൾ അടങ്ങിയ ചാർട്ട് നോക്കി പത്രവാർത്ത ഉണ്ടാക്കുന്നു.<br><br>പരിസര ശുചിത്വം, വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് പറയുന്നു.<br><br>പഠന കിറ്റ് നിർമ്മിക്കുന്നു.<br><br>പരിസ്ഥിതിയുമായി ബന്ധപ്പെട്ട വീഡിയോകൾ ICT സാധ്യത പ്രയോജനപ്പെടുത്തി കാണിക്കുന്നു. | സെപ്തംബർ<br><br>ഒക്ടോബർ to ഡിസംബർ<br><br>മാസത്തിൽ പാഠഭാഗത്തിനനുസരിച്ച് ചെയ്യുന്നു.<br><br>മാസം തോറും. | |

CLASS 3

**മേഖല – അക്കാദമികം**

**മേഖല – ഭാഷ**

**ക്ലാസ്സ് – III**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം പ്രവർത്തനം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2) പുസ്തക ശേഖരണവും പ്രദർശനവും<br>3) ചിത്ര ഗ്യാലറി | ജൂൺ<br>ജൂൺ ഡിസംബർ<br>ജനവരി | അദ്ധ്യാപകർ SMC<br>അധ്യാപകർ SMC<br>മദർ പിടിഎ ക്ലബ്ബുകൾ | SMC<br>SMC |
| വായനാ പരിപോഷണ ം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണ ം<br>2) വായനക്കളരി<br>3)നാട്ടുവായന – പ്രാദേശിക എഴുത്തുകാരുമായു ള്ള സംവാദം | നവംബർ<br>ആഴ്ചയിലാണ്<br>ആഗസ്റ്റ് | വായനശാല SMC SRG<br>ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ് | ക്ലബ് SMC SRG<br>വായനശാല |

**മേഖല – അക്കാദമികം**

**മേഖല – ഇംഗ്ലീഷ്**

**ക്ലാസ്സ് – III**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന – ആശയമറിഞ്ഞുള്ള പ്രവർത്തനം | ക്ലാസ്സ് ലൈബ്രറി വികസനം<br><br>വാർത്താവായന മത്സരം സംഘടിപ്പിക്കൽ<br><br>വായനാക്യാമ്പുകൾ<br><br>ബാല പ്രസിദ്ധികരണങ്ങളുടെ വായന | ജൂൺ – മാർച്ച്<br><br>മാസത്തിൽ ഒന്ന്<br><br>3 മാസത്തിൽ ഒന്ന്<br><br>ജൂൺ – മാർച്ച് | അദ്ധ്യാപകർ SMC | SSA |

**മേഖല – അക്കാദമികം**

**ഉപമേഖല – പരിസരപഠനം**

**ക്ലാസ്സ് – III**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവബോധം വളർത്തുക പ്രവർത്തനം | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | അദ്ധ്യാപകർ | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ – വൈവിധ്യ പാർക്ക്,തടയണ, മഴക്കുഴി നിർമാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളി ലെ പങ്കാളിത്തം | ജൂലൈ ഡിസംബ ർ | അധ്യാപകർ SMC മദർ പിടിഎ ക്ലബ്ബുകൾ | |
| ശാസ്ത്രപരീക്ഷ ണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | | | |

**മേഖല – അക്കാദമികം**

**മേഖല – ഗണിതം**

**ക്ലാസ്സ് – III**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായിഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | ഗണിതോത്സവം മെട്രിക് മേള | ജനുവരി | SRG<br>ക്ലാസ്സ് ടീച്ചർ | SSA<br>Staff<br>SMC |

## ക്ലാസ് നാല്

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സി പി ടി എ ചേരൽ ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് ആനുകാലിക വായന | ജൂൺ ജനുവരി | ക്ലാസ് ടീച്ചർ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | സർഗാത്മക ഡയറി എഴുത്ത് ചാർട്ട് എഴുത്ത്,നോക്കിയെഴുത്ത് | ജൂൺ ജനുവരി | ക്ലാസ് ടീച്ചർ | |
| ഡോക്യുമെൻററി (ഐസിടി ) | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ തയ്യാറാക്കൽ, പ്രദർശിപ്പിക്കൽ | ദിനാചരണവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ , റീഡേർസ് തിയേറ്റർ . | ഓർമ്മദിനം ആചരിക്കൽ പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ദിനാചരണവുമായി ബന്ധപ്പെട്ട് | എസ്.ആർ ജി , സി പി ടി എ , ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| സർഗോത്സവം കാവ്യോത്സവം , കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ , കഥകൾ തുടങ്ങിയവയുടെ ദൃശ്യാവിഷ്കാരം , നാടകം, സ്കിറ്റ്. | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ , സി പി ടി എ , | |

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | പ്രവർത്തനങ്ങൾ ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഡയറി കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാസിക തയ്യാറാക്കൽ | ജൂൺ ഫെബ്രുവരി | ക്ലാസ് ടീച്ചർ , | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (സ്കിറ്റ്, ഡ്രാമ ,കോൺവെർസേഷൻ, സ്റ്റോറി ടെല്ലിങ്) | Once in a month | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വായന പരിപോഷണം ഇംഗ്ലീഷ് കോർണർ ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് വായനാമൂല വായനക്കുറിപ്പ് പുസ്തക പരിചയം | | ക്ലാസ് ടീച്ചർ ,സിപ ിടിഎ | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | വായനാമത്സരം രചന മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മാർച്ച് | | |

## EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ജൂൺ | എച്ച് എം , സി പി ടി എ | |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണം സംഘടിപ്പിക്കൽ | | എച്ച് എം, ക്ലാസ് ടീച്ചർ | എസ് എസ് എ പി ടി എ |
| ഭൂപടം ഒരുക്കും കേരളം – ഇന്ത്യ | ഭൂപട വായന, ഭൂപട രചന | നവംബർ – ഡിസംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| , ഭൂപട വായന, സൂചിക പരിചയപ്പെടൽ | സൂചിക നിർമ്മാണം | | | |
| ശാസ്ത്ര വിസ്മയ ചുമർ, ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| വേര് കഥ പറയുന്നു | ഫീൽഡ് ട്രിപ്പ്, വിവിധ വേര് പരിചയപ്പെടൽ ,ഇല കൾ, ഏക ബീജപത്രം ,ദ്വിബീജ പത്രം എന്നിവ പരിചയപ്പെടൽ | ജൂലൈ1 - ജൂലൈ 31 | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം, ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ ഉപയോഗം | പതിപ്പ് , ചാർട്ട് , ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷാവസാന ം | എച്ച് എം, എസ് ആർ ജി, ക്ലാസ് ടീച്ചർ | |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ, ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വിവിധതരം കളികൾ ഏണിയും പാമ്പും , ഡയസ് കളി സങ്കലനം – വ്യവകലനം, (കച്ചവടക്കളി.) | ജൂൺ – ഫെബ്രുവരി | എസ് ആർ ജി ,ക്ലാസ് ടീച്ചർ . | എസ് എസ് എ |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ . | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടു ത്തൽ | ജൂൺ – ഫെബ്രുവരി | എച്ച് എം , എസ് ആർ ജി, ക്ലാസ് ടീച്ചർ. | പിടിഎ |
| ഗണിത പഠനോപകര ണ ശില്പശാല, ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ ങ്ങളുടെ നിർമ്മാണം – പ്രദർശനം | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഗണിത ചുമർ, ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ . | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടു ത്തൽ | ജൂൺ – ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| ഗണിതമേള, ഗണിതശേഷി കളുടെ പ്രകടനം. | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | മാർച്ച് | എച്ച് എം , എസ് ആർ ജി, ക്ലാസ് ടീച്ചർ. | |

## യു പി

### <u>മലയാളം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷ ി വളർത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അവധിക്കാല പ്രവർത്തനങ്ങൾ കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ പ്രവർത്തനങ്ങളിലൂടെ ( കഥ ,കവിത, യാത്രാ അനുഭവം)അവതരിപ്പി ക്കുന്നു. | ജൂൺ | മലയാളം അധ്യാപക ൻ | വിദ്യാരംഗം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിനും വായിക്കുന്നതിനും | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദ നിർമ്മാണം | ജൂൺ ,ജൂലൈ ,ആഗസ്റ്റ് | മലയാളം അധ്യാപകൻ | ക്ലബ് |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം , ആഴ്ചപ്പതിപ്പ് , പുസ്തകങ്ങൾ എന്നിവ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | ക്ലബ്ബ് |
| കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ.<br><br>സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക | നാടക അവതരണം - സ്കൂൾ അസംബ്ലിയിൽ കുട്ടികൾ എഴുതി തയ്യാറാക്കിയ ലഘു നാടകങ്ങൾ അവതരിപ്പിക്കൽ.<br><br>പുസ്തകപരിചയം<br><br>വായിച്ച പുസ്തകം/ സാഹിത്യകാരന്മാർ എന്നിവരെ പരിചയപ്പെടുത്തൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | അക്കാദമിക ് വർഷം<br><br>എല്ലാ വെള്ളിയാഴ്ചകളിലും | അധ്യാപകർ<br><br>മലയാളം അധ്യാപകൻ | ക്ലബ്ബ്<br><br>ക്ലബ്ബ് |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.)ഇംഗ്ലീഷ് ഭാഷ ശ്രവിച്ച് ആശയം ഉൾക്കൊള്ളുവാനും, ഒഴുക്കോടെ ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിനും അവസരം ഒരുക്കുന്നു. | BREAKING NEWS<br><br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br><br>INTERVIEWS<br><br>വിവിധ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് ഇൻറർവ്യൂ ചെയ്യുവാനും ചെയ്യപ്പെടുവാനുമുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കുന്നു .<br><br>Listening for the gist<br><br>ഇംഗ്ലീഷ് കഥകൾ ഓഡിയോ രൂപത്തിൽ കേൾപ്പിച്ച അതിന്റെ | ജൂൺ<br><br>ജൂലൈ<br><br>ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ചുരുക്ക രൂപം സ്വന്തം വാക്യങ്ങളിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.<br><br>Discussions and Debates<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചകളും, സംവാദങ്ങളും സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക | |
| 2.)ശരിയായി ഇംഗ്ലീഷ് വായിക്കുവാനും ആശയം ഗ്രഹിക്കുവാനും അവസരം ഒരുക്കുന്നു | READING COMPREHENSION<br><br>കുട്ടികൾക്ക് പാഠഭാഗത്തിന് പുറത്തുനിന്നുമുള്ള ഒരു ഖണ്ഡിക വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള അവസരം നൽകുന്നു.<br>JIGSAW READING<br>ഒരു കഥയെ വിവിധ ഭാഗങ്ങളായി തിരിച്ചു കുട്ടികളുടെ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നു .സമ്മറി പറയാൻ ആവശ്യപ്പെടുന്നു | ഒക്ടോബർ<br><br>നവംബർ | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3.) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | DIARY WRITING<br><br>എല്ലാദിവസവും ഡയറി എഴുതുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു,<br><br>CREATIVE WRITING<br><br>വിവിധ വിഷയങ്ങൾ നൽകി കഥകളും, കവിതകളും രചിക്കാൻ അവസരം ഒരുക്കുന്നു.<br><br>SEQUEL WRITING<br><br>പാഠപുസ്തകത്തിലെ രസകരമായ ഒരു കഥ തിരഞ്ഞെടുത്തു ബാക്കി ഭാഗം സ്വന്തം ഭാവനയിൽ പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു | ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | |
| 4.)ഇംഗ്ലീഷ് ഭാഷ ഭാഷയോടുള്ള ആത്മവിശ്വാസ ം ഉയർത്തുന്നു | PUZZLES AND RIDDLES<br><br>കടങ്കഥകൾ ,കുസൃതി ചോദ്യങ്ങൾ ,ഫലിത ങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | GRAMMAR CLASS<br><br>ഇംഗ്ലീഷ് ഗ്രാമറിലെ പ്രധാന ഭാഗങ്ങൾ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ പഠിപ്പിക്കുന്നു.<br><br>POSTERS/NOTICES<br><br>പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു .<br><br>STUDENTS CORNER<br><br>ഒരു അധ്യായന വർഷത്തിലെ കുട്ടികളുടെ സൃഷ്ടികൾ ചേർത്ത് മാഗസിൻ നിർമ്മിക്കുന്നു.<br><br>A WORD A DAY<br><br>ഓരോ ദിവസവും ഒരു പുതിയ ഇംഗ്ലീഷ് വാക്കും അതിന്റെ അർത്ഥവും പഠിക്കുവാനും രേഖപ്പെടുത്തുവാനും നിർദ്ദേശിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ<br><br>ദിനാചരണങ്ങളിൽ<br><br>വർഷാവസാനം<br><br>എല്ലാ ഇംഗ്ലീഷ് പീരിയഡിലും. | | |

## HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| **ഹിന്ദി സംസാരം**<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുക | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br>**വായനയ്ക്ക് .......**<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും റീഡറി ഫൈറ്റ് മത്സരവായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## യുപി അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു.<br><br>ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ,<br><br>സയൻസ് ഡയറിയിൽ സമകാലീന ശാസ്ത്ര വാർത്തകൾ അപ്ഡേറ്റ് ചെയ്യൽ. | ജൂൺ - ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ , സയൻസ് ക്ലബ് | പിടിഎ |
| ശാസ്ത്രമേളകളിൽ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ശാസ്ത്രമേള സന്ദർഭം | സയൻസ് ക്ലബ് | പിടിഎ |

| | | | | |
|---|---|---|---|---|
| | | | | |
| ശാസ്ത്ര ലാബിനെ കാലാനുസൃതമ ◌ായി നവീകരിക്കൽ | ഫിസിക്സ് ,കെമിസ്ട്രി , ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും, സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ | സയൻസ് ടീച്ചേഴ്സ് | |
| പഠന പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | പിയർ ഗ്രൂപ്പ് പരിശീലനം, അധ്യാപകൻ - കുട്ടി പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | എസ് ആർ ജി | |
| ശാസ്ത്ര മാസിക , ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, പതിപ്പ് എന്നിവ തയ്യാറാക്കൽ. | ഒരു വർഷം | എസ് ആർ ജി ,സയൻസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തൽ | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ (പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ) | ജൂൺ – ഫെബ്രുവരി | സയൻസ് ടീച്ചേഴ്സ് | |

## സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അറിവുകൾ , ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | മെമ്മറി ടെസ്റ്റ് നടത്തുന്നു | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.ദിനാചരണങ്ങൾ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭാ ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും, അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും | അക്കാദമിക്ക് വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | |
|---|---|---|---|
| | , രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു . | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച തുക ദുരന്തബാധിതരുടെ ഉന്നമനത്തിനായി നൽകുന്നു | ജൂൺ - ഫെബ്രുവരി | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

| | | | |
|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | മത്സരപരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ ,ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അടിസ്ഥാന ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല<br><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മുത്തുകൾ ,ഫ്ലാഷ് കാർഡ്) ഉപയോഗിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും, കര ചലനശേഷികളു ടെ വികാസവും | ഒറിഗാമി ശില്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്ന അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ , ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ . | | | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് തയ്യാറാക്കൽ . | | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം, ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന | | | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടു ത്തുന്നു | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്കിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്ക ◌ൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | | | |
| വിവിധശേഷിക ളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | | |

## വാർഷികാസൂത്രണം -2025-2026

### മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനുമുള്ള ശേഷി ആർജിക്കുക (ശ്രദ്ധ, LEP) | സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് മുൻ തൂക്കം നൽകിക്കൊണ്ട് -<br>1.കഥവായന<br>2.ആശയ കേന്ദ്രീകൃതമായ ചോദ്യനിർമ്മാണം.<br>3.കഥാപാത്രങ്ങളുടെ സവിശേഷത /കഥയുമായുള്ള ബന്ധം.<br>4.കവിതാവായന<br>5.ആശയഭംഗി/ ആവിഷ്കാര ഭംഗി | തുടർപ്രവർത്തനം | മലയാളം അദ്ധ്യാപിക | PTA, Dept |
| 2.ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പഠന പിന്തുണ ആവശ്യമായി വരുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | 2025-2026 അക്കാദമിക വർഷം മുഴുവൻ | മലയാളം അദ്ധ്യാപിക | PTA, Dept. |
| 3.സ്വതന്ത്ര വായന | 1.ക്ലാസ്സ് ലൈബ്രറി<br>2.ക്ലാസ്സ് വായനാക്കൂട്ടം<br>3.ഒരാഴ്ച ഒരു പുസ്തകം - വായന | 1 വർഷം | മലയാളം അദ്ധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| | 4.സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>5.വായനാമൂല<br>6.ജന്മദിന പുസ്തകം<br>7.പത്രവായന | | | |
| 4.പത്ര വായന പരിപോഷിപ്പിക്കുക | 1.ഓരോ ക്ലാസ്സിനും ഓരോ പത്രം<br>2.രാവിലെ പ്രധാന വാർത്തകളുടെ അവതരണം.<br>3.പത്ര ക്വിസ് | എല്ലാ ദിവസവും<br><br>ആഴ്ചയിൽ ഒരു ദിവസം (SW) | മലയാളം അദ്ധ്യാപിക | |
| 5.സർഗ്ഗശേഷി വികസനം | 1.വായനാനുഭവം പങ്കുവയ്ക്കൽ<br>2.സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുക.<br>3.സാഹിത്യ ക്വിസ്<br>4.പുസ്തക ചർച്ച /പുസ്തകസ്വാദനം<br>5.ദിനചാരങ്ങളുമായി ബന്ധപ്പെട്ട് വരുന്ന സാഹിത്യകാരന്മാരുടെ കൃതികൾ /കഥാപാത്രങ്ങൾ പരിചയപെടുത്തൽ | വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട ്<br><br>മാസത്തിൽ ഒരിക്കൽ | മലയാളം അദ്ധ്യാപിക | |

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Assembly, English Cartoon പ്രദർശനം, Spoken English Class, English corner, story time | അവധിക്കാലം / ശനിയാഴ്ച | PTA, Teachers | PTA, Management |
| 2 കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | English audio കേൾക്കാനുള്ള അവസരം.<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>രചനകളുടെ പ്രദർശനം (Magazine)<br>Book Reviews | ക്ലാസ്സ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ, ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | Teachers, PTA, SRG<br><br>Teachers, PTA, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് ക്ലബ് |
| | | | | |

| | | | | |
|---|---|---|---|---|
| 3 ഇംഗ്ലീഷിലുള്ള ആവിഷ്കരങ്ങൾക്ക് അവസരം ഒരുക്കുക | Role play, English Day ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് choreography തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യവിഷ്കാരം നടത്തുന്നു.<br><br>Cinema and documentry-profile&script തയാറാക്കുന്നതിനുവേണ്ടി English സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | Classroom TIME<br><br>അക്കാദമിക വർഷം | English അധ്യാപകർ<br><br>ടീച്ചേഴ്സ്, SRG | PTA, English club<br><br>English club, Management |
| നാടകീകരണം | English assembly, Skit puppet show, English lab<br>പാഠഭാഗങ്ങളിൽനിന്ന് രംഗങ്ങൾ കണ്ടെത്തി puppet show, skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br><br>ശനിയാഴ്ചകൾ, ക്യാമ്പ് | പിടിഎ എസ് ആർ ജി ടീച്ചേഴ്സ്<br><br>English ക്ലബ്ബ് | PTA രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി എഴുതുക | ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയായി | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | Native speakers മൊത്ത് സമയം ചെലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു | ശനിയാഴ്ചകൾ/ വെക്കേഷൻ | ടീച്ചേഴ്സ്, പിടിഎ, SRG | PTA, ഇംഗ്ലീഷ് ക്ലബ് |

## HINDI

| योजना | गतिविधियां | समय | कार्यभार | आर्थिक विश्लेषण |
|---|---|---|---|---|
| माध्यमिक स्तर के बच्चे अक्षर, चिन्ह, शब्द और आशयों की अवधारणा प्राप्त करना। | प्री टेस्ट के द्वारा बच्चों को चुनना, आई सी टी के माध्यम से अक्षर की अवधारणा प्राप्त करने की सहायता देना। शब्दों से वाक्य निर्माण के लिए बच्चों को प्राप्त करना। | जून से अगस्त तक | हिंदी अध्यापक/अध्यापिका और हिंदी मंच के कुछ सदस्य । | आर्थिक रूप से कोई सहायता नहीं चाहिए |
| आशयों को | | | | आर्थिक रूप |

| | | | | |
|---|---|---|---|---|
| बिना गलती से प्रकट करने की अवधारणा प्राप्त करना। | पाठ भागों के प्रोक्तियों को स्वतंत्र रूप से लिखने का अवसर बच्चों को देना ।<br>अनुवाद (मलयालम से हिंदी)<br>करने का अवसर देना। | जून से मार्च तक | हिंदी अध्यापक / अध्यापिका | से कोई सहायता नहीं चाहिए |
| रचना परक अभिव्यक्ति की अवधारणा प्राप्त करना । | दिनाचरणों के अवसर पर और कलोत्सवों के अवसर पर सक्षम छात्रों की भागीदारी सुनिश्चित करना। | जून से मार्च तक | हिंदी अध्यापक / अध्यापिका और अन्य अध्यापक | आर्थिक रूप से कोई सहायता नहीं चाहिए |
| समावेशी शिक्षा ( INCLUSIVE EDUCATION) | टीचिंग मैन्युअल तैयार करते समय दिव्यांग बच्चों के लिए भी कुछ गतिविधियां जोड़ना है। | जून से मार्च तक | हिंदी अध्यापक / अध्यापिका | आर्थिक रूप से कोई सहायता नहीं चाहिए |
| मिलनसार ( COMMUNICATIVE HINDI) | छात्रों में हिंदी भाषा का विकास (बोलचाल) करने के लिए और आपस में हिंदी बोलने की क्षमता प्राप्त करना। | जून से मार्च तक | हिंदी अध्यापक अध्यापिका और कुछ भाषा पंडितों की सहायता से। | आर्थिक रूप से सहायता चाहिए। Rs.3000/ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം –2025–2026

## വിഷയം :സാമൂഹ്യശാസ്ത്രം

**HS section**

**ആമുഖം**

**മാ**റിക്കൊണ്ടിരിക്കുന്ന സാമൂഹ്യ ചുറ്റുപാടിൽ ഇടപെട്ടുകൊണ്ട് ജീവിതത്തിൽ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് കുട്ടികളെ സമൂഹത്തിൽ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്യുന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. സമൂഹത്തിൽ മാതൃകപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് സാമൂഹ്യ ശാസ്ത്ര പഠിതാക്കളെ സ്കൂൾ തലത്തിൽ പ്രാപ്തരക്കുക എന്നതാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മാറിയ പാഠ്യപദ്ധതി ചട്ടക്കൂടുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ പഠിതാക്കളിലെത്തിക്കാനാവാശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. സ്കൂളിന്റെ ഭൗതിക ചുറ്റുപാടുകളെയും ചരിത്ര സ്മരണകളെയും കൂട്ടിയോജിപ്പിക്കുന്നതാകണം സാമൂഹ്യ ശാസ്ത്ര പഠന പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.കുട്ടികളെ ചരിത്രാവബോധ ം ഉള്ളവരാക്കുക, ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | യി ബന്ധപ്പെട്ട ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്ര ൽ, ഫീൽഡ് ട്രിപ്പ് നടത്തുന്നു, അത്തരം സ്ഥലങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് | അക്കാദമിക വർഷത്തിൽ തീരുമാനിക്കപ്പെട്ട തീയതികളിൽ | SS Teacher PTA Social Science club | PTA രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | വിവരണം തയ്യാറാക്കി നൽകുന്നു. | | | |
| 2.<br>ജനാധിപത്യത്തെ ജീവിതത്തിൽ ഫലപ്രദമായി ഉപയോഗപെടുത്തുക, പൗരബോധം, മൂല്യ ബോധം എന്നിവ വളർത്തുക | സ്കൂൾ പാർലമെന്റ്, പൗരബോധമുയർത്തുന്ന ദിനാചരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം ഉറപ്പു വരുത്തൽ. | സർക്കാർ നിർദ്ദേശ പ്രകാരമുള്ള തെരഞ്ഞെടുത്ത ദിനങ്ങൾ | SS Teacher Social club | PTA<br>കുട്ടികൾ |
| 3.പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുക | സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു, സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട (ഭൂമി ശാസ്ത്രം )ആകാശ കാഴ്ച, താര നിരീക്ഷണം എന്നിവ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശ ാസ്ത്ര അദ്ധ്യാപകൻ | സമൂഹത്തിലെ സുമനസ്സുകൾ, കുട്ടികൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന സംഭാവന |
| 4 മതേതരത്വ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | മതേതരത്വം വളർത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. പൊതുസ്വഭാവം | അക്കാദമിക വർഷം - | SS | സോഷ്യൽ ക്ലബ് |

| | | | | |
|---|---|---|---|---|
| | ഉയർത്തുന്ന ചർച്ചകൾ, സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കുന്നു. | നിശ്ചയിക്കുന്ന തിയ്യതികളിൽ | ടീച്ചർ | |
| 5 ദേശീയത വളർത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | പ്രധാന ദിനചാരണങ്ങൾ, അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. ക്വിസ്, പ്രസംഗം എന്നിവ നടത്തുന്നു. | മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ | SS teacher SS club | PTA, രക്ഷകർത്താക്കൾ |
| 6 പൊതുവിജ്ഞാനം ഉയർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | കുട്ടികൾക്ക് ആനുകാലികവും ചരിത്ര പ്രാധാന്യം ഉദാകുന്നതുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. CD പ്രദർശനം, സിനിമ, സംവാദം, ക്വിസ്, ചരിത്ര സിനിമകളുടെ പ്രദർശനം എന്നിവ | അക്കാദമിക വർഷം മുഴവനും | SS teacher SS club | PTA, കുട്ടികൾ |
| 7 എന്റെ മാലിന്യം - എന്റെ ഉത്തരവാദിത്വം എന്ന ആശയവുമായി ബന്ധപ്പെട്ട് മാലിന്യ | വ്യക്തി സുചിത്വം, പരിസര സുചിത്വം, ആരോഗ്യം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു. | അകാദമിക വർഷം മുഴവൻ | Social club, Eco club , SS teacher. | PTA സഹകരണ |

| | | | | |
|---|---|---|---|---|
| നിർമാർജനം, ജൈവ പച്ചക്കറി കൃഷി, പരിസര സുചിത്വം തുടങ്ങിയ ആശയങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന് | കൃഷി പ്രോത്സാഹിപ്പിക്കുന്ന ഹരിതസേനയുമായി ബന്ധപ്പെട്ട് സുചിത്വത്തിന് പ്രാധാന്യം നൽകുന്ന | | | ത്തോടെ |
| 8 ലഹരിമുക്തി വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യുന്നതിന്, പഞ്ചായത്ത്, ഭരണാധികാരികൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെയുള്ള ആസുത്രണം. | റാലി, ബോധവൽക്കരണം, പോസ്റ്റർ നിർമാണം, പ്രസംഗ മത്സരം, ലേഖന മത്സരം തുടങ്ങിയവ നടത്തി കുട്ടികൾക്ക് ബോധവൽക്കരണം നടത്തുന്നു. പഞ്ചായത്ത്, ആരോഗ്യമേഖല എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിവസങ്ങളിൽ | Social teacher Social club PTA | സുമനസുകൾ, കുട്ടികൾ, PTA എന്നിവ |

## BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെകൊണ്ട് മോഡൽ നിർമ്മിക്കുന്നു. ക്ലാസ്സുകളിൽ ലഘു പ്രൊജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളുകളിൽ പോതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2) നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>ശാസ്ത്ര ശില്പശാല | അക്കാദമിക വർഷം<br>അക്കാദമിക | സയൻസ് അധ്യാപകർ<br>സയൻസ് | പി.ടി.എ<br>സയൻസ് |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു | വർഷം 1 തവണ | അധ്യാപകർ | ക്ലബ് |
| 3.മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക, പ്രസിദ്ധികരണം.<br><br>സയൻസ് ലാബ്, ഐ ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | പി.ടി.എ.<br><br>പി.ടി.എ. |
| 4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ സഹായത്തോടെ തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ.<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന,സീഡ്<br><br>സയൻസ് ക്ലബ്ബ് | കൃഷി വകുപ്പ്, സീഡ് |
| 5. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രൊജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ |

**അക്കാദമിക മാസ്റ്റർ പ്ലാൻ : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ആശയ ധാരണ കൈ വരിക്കൽ | ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്ക കുട്ടികൾ | |
| 2.ഗണിത ക്ലബ് രൂപീകരണം | ഗണിതമേളക്ക വേണ്ടിയുള്ള പരിശീലനം | ജൂൺ രണ്ടാം വാരം | ഗണിത അധ്യാപകർ , ക്ലബ് ഭാരവാഹികൾ | |
| 3.ഗണിത പ്രതിഭകളെ കണ്ടെത്തൽ | ഗണിത ക്വിസ് മാസത്തിൽ ഒന്ന് | ജൂലൈ രണ്ടാം വാരം | | അധ്യാപകർ |
| 4.ഗണിതാശയങ്ങൾ ചിത്രത്തിലൂടെ | ജോമേട്രിക്കൽ ചാർട്ട് നിർമാണവും പ്രദർശനവും | ജൂലൈ രണ്ടാം വാരം | | |
| 5.ഗണിത രൂപങ്ങളുടെ കൃത്യമായ അളവിലുള്ള നിർമ്മാണം | ഗണിത രൂപങ്ങളുടെ പ്രദർശനവും അവതരണവും | ഓഗസ്റ്റ് രണ്ടാം വാരം | | |
| 6.ഗണിതത്തിലുള്ള അഭിരുചി വളർത്തണം | ഗണിത മേള | ഓഗസ്റ്റ് – സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| 7.ദിനാചരണങ്ങൾ | പ്രദർശനം, ഗണിത പ്രാർത്ഥന | ഡിസംബർ (22)<br>മാർച്ച് (14) | | |
| 8.നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഗണിത സെമിനാർ | ജനുവരി | അധ്യാപകർ, PTA | |